# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5377 — 31/10/2016 -ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് പുതിയ കോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധിനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 3822/13/ആ.കു.വ തീയതി 16/11/2013, സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 2644/15/ആ.കു.വ. തീയതി 17/08/2015 എന്നിവ പ്രകാരം യഥാക്രമം 360 ലക്ഷം രൂപയും, 200 ലക്ഷം രൂപയും പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി പി.ഡബ്യൂ.ഡിയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലായെന്ന് വിശദമാക്കാമോ? | ബി) കാഞ്ഞങ്ങാട് പുതിയ കോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പഴയ ജില്ലാ ആശുപത്രിയുടെ നാല് കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങളും ലേലം ചെയ്ത് ഒഴിവാക്കി സ്ഥലം പി.ഡബ്ല്യൂ.ഡി കെട്ടിടവിഭാഗത്തിന് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ